(III) കേരള സ്റ്റേറ്റ് ഹാൻഡിക്രാഫ്റ്റ് അപെക്സ് കോപ്പറേറ്റീവ് സൊസൈറ്റി (സുരഭി) :

കരകൗശല വ്യവസായത്തിന്റെ ആധുനികവത്ക്കരണത്തിനായി താഴെപ്പറയുന്ന പദ്ധതികൾക്കാണ് ലക്ഷ്യമിടുന്നത് :

- പണിപ്പുരകളുടെ നവീകരണം.
- ആധുനിക മെഷിനറികളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകൽ.
- ഇവ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം.
- പുതിയ ഉല്പന്നങ്ങളുടെ വികസനവും നിർമ്മാണവും.

**മട്ടന്നൂർ വെള്ളിയാംപറമ്പ് കിൻഫ്രാ വ്യവസായപാർക്ക്**

236 (603) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വെള്ളിയാംപറമ്പ് കിൻഫ്രാ വ്യാവസായ പാർക്കിനായി എത്ര ഭൂമിയുടെ പ്രോജക്ടിനാണ് അംഗീകാരം നൽകിയതെന്ന വ്യക്തമാക്കുമോ ;

(ബി) ഇതിൽ എത്ര ഭൂമിയുടെ കേന്ദ്രധനസഹായത്തിന് അപേക്ഷ സമർപ്പിച്ചുവെന്നും എത്ര ഭൂമി ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വ്യാവസായ പാർക്കിന്റെ പ്രവർത്തനങ്ങൾക്ക് ഇതുവരെ എത്ര രൂപ അനുവദിക്കുകയുണ്ടായെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**പൊതുമേഖലയിലെ പുതിയ വ്യവസായ സ്ഥാപനങ്ങൾ**

237 (604) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യാവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദാംശം അറിയിക്കാമോ ; ഈ സ്ഥാപനങ്ങൾ തുടങ്ങുകവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ സിഡ്കോയുടെ അധീനതയിൽ ആധുനിക സ്റ്റീൽ ഫർണിച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒൻപത് പൊതുമേഖലാ യൂണിറ്റുകളാണ് അനുവദിക്കപ്പെട്ടത്. ഇവ അനുബന്ധമായി ചേർത്തിരിക്കുന്നു.* എന്നാൽ ഇവയിൽ 6 സ്ഥാപനങ്ങളിലാണ് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിച്ചത്.

വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള

- ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ.
- കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ.
- കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ.

പദ്ധതി തുടങ്ങുന്നതിനാവശ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി, വൈദ്യുതി കണക്ഷന്റെ ലഭ്യത മുതലായവയിലെ സാങ്കേതികതകൾ പൂർണ്ണ തോതിൽ ഉല്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ചില യന്ത്രസാമഗ്രികളുടെ അപര്യാപ്തത എന്നിവയാണ് പ്രധാനമായും ഈ മൂന്ന് പദ്ധതികളിലും വ്യാവസായിക ഉല്പാദനം ആരംഭിക്കുന്നതിനുണ്ടായ കാലതാമസം. ഇതോടൊപ്പംതന്നെ ഈ മൂന്ന് പദ്ധതികളിലേക്കാവശ്യമായ തൊഴിലാളികളെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമനപ്രക്രിയയുടെ നിയമ സാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കേസുകൾ ബഹു. കേരളാ ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ കോമളപുരം സ്പിന്നിംഗ് മിൽ ഏറ്റെടുക്കൽ നടപടിക്കെതിരെയും ഒരു കേസ് ബഹു. കേരളാ ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇതെല്ലാം വ്യാവസായികോല്പാദനം നീണ്ടുപോകുവാൻ കാരണമായിട്ടുണ്ട്. നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി ഇവയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പംതന്നെ കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തനമൂലധനമായി 596.04 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

183 പേർക്ക് പുതിയതായി തൊഴിൽ നൽകുവാൻ (കരാർ നിയമനമുൾപ്പെടെ) സാധിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.